ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

*7 [6] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:*

" *എ. സുജനപാൽ:*

" *എം. മുരളി:*

ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയുടെ താഴെയുള്ളവർക്കെല്ലാം ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തണമെന്ന് സംസ്ഥാന ആസൂത്രണ ബോർഡ് ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) ഈ ശുപാർശ ഗവൺമെന്റ് അംഗീകരിച്ചുവോ;

(സി) ആരോഗ്യ ഇൻഷ്വറൻസിന്റെ പ്രയോജനം ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് സൗജന്യമായാണോ നൽകുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് 2004-2005, 2005-2006 എന്നീ വർഷങ്ങളിലെ കേന്ദ്ര ബജറ്റിൽ ഒരു ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ വിവിധ വശങ്ങൾ പഠിക്കുന്നതിന് കേരളത്തിൽ ധനവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ആറംഗ വർക്കിംഗ് ഗ്രൂപ്പ് നിലവിലുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഇൻഷ്വറൻസ് പദ്ധതി രൂപീകരിക്കുന്ന പ്രക്രിയയെ സഹായിക്കാൻ സംസ്ഥാന ആസൂത്രണ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(ബി) & (സി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് പൂർണ്ണരൂപം ഇതുവരെ നൽകിയിട്ടില്ല. അന്തിമരൂപം ആയശേഷം സർക്കാർ ബന്ധപ്പെട്ട ശുപാർശകൾ പരിഗണിക്കുന്നതാണ്.

പാട്ടത്തുക പുതുക്കാൻ നടപടി

*8 [7] *ശ്രീ. യു. സി. രാമൻ:*

" *പി. കെ. അബ്ദുറബ്ബ്:*

" *സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങൾക്ക് മുമ്പ് നാമമാത്രമായ തുകയ്ക്ക് സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളത് കാലാനുസൃതമായി പാട്ടത്തുക വർദ്ധിപ്പിച്ച് പുതുക്കി നിശ്ചയിക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിനുള്ള നടപടി എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*:

(എ) മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ പാട്ടനിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. മറ്റു പ്രദേശങ്ങളിൽ പാട്ടം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശമ്പളകമ്മീഷൻ ചോദ്യാവലിയിലെ അപാകതകൾ

*9 [8] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:*

„ *പി. ജയരാജൻ:*

„ *പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം, ഇടക്കാലാശ്വാസം തുടങ്ങിയ കാര്യങ്ങളിൽ എന്തെങ്കിലും നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധമായി നിയോഗിച്ച കമ്മീഷന്റെ പ്രവർത്തന പുരോഗതി വെളിപ്പെടുത്താമോ;

(സി) ശമ്പളക്കമ്മീഷൻ പുറപ്പെടുവിച്ച ചോദ്യാവലിയിൽ ഒട്ടേറെ പ്രതിലോമകരമായ ചോദ്യങ്ങൾ ഉള്ളതായി വ്യാപകമായ പരാതി ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത്തരം ചോദ്യങ്ങൾ പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം, ഇടക്കാലാശ്വാസം എന്നിവയെ സംബന്ധിച്ച് ശുപാർശ സമർപ്പിക്കുന്നതിനായി ശ്രീ. ആർ. നാരായണൻ ചെയർമാനായി ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചതിനുശേഷം സർക്കാർ ഈ വിഷയത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly